<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2234</u> <u>23. 01. 2014 ൽ മറുപടിക്ക്</u>

<u>ലാഭപ്രഭാ പദ്ധതി നിർവ്വഹണം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ഉപഭോഗം കുറയ്ക്കുവാൻ എന്തെല്ലാംപ്രോത്സാഹനങ്ങളും സമ്മാനപദ്ധതികളുമാണ് ലാഭപ്രഭപദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | ലാഭപ്രഭ പദ്ധതിയുടെ ആരംഭത്തിൽ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ഉപഭോക്താക്കൾക്ക് താഴെ പറയുന്ന രീതിയിൽ സമ്മാനങ്ങൾ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.<br>1) ആഴ്ച തോറും 50,000 പേർക്ക് സി.എഫ്.എൽ.<br>2) ആഴ്ച തോറും 1000 പേർക്ക് സൌരോർജ്ജ റാന്തൽ.<br>3) ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിക്കുന്ന 100 പേർക്ക് ഒരു കിലോവാട്ടിന്റെ സോളാർ ഇൻസ്റ്റലേഷൻ.<br><br>സോളാർ പ്രോജക്ടിനുള്ള സബ്സിഡി ലഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാവുന്ന നടപടികളിലെ കാലതാമസം, ഉപഭോക്താവിനുണ്ടാവുന്ന അധിക ചെലവ്, ഊർജ്ജ സംഭരണ ശേഷി എന്നിവ പരിഗണിച്ച് സമ്മാനഘടന താഴെ പറയുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്.<br><br>1) ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച ആദ്യത്തെ 50 പേർക്ക് ഒരു സൌരോർജ്ജാധിഷ്ഠിത ഇൻവർട്ടർ.<br>2) ലാഭം വരുത്തിയവരിൽ തുടർന്നുള്ള 4500 പേർക്ക് ഓരോ |

| | | | |
|---|---|---|---|
| | | | സൌരോർജ്ജറാന്തൽ.<br>3)ലാഭം വരുത്തിയ മറ്റുള്ളവർക്കും ഉപഭോഗം വർദ്ധിക്കാതെ പിടിച്ചുനിർത്തിയവർക്കും ഓരോ സി.എഫ്.എൽ വീതം.<br>4)നോ-ലോഡ് ഷെഡ്ഡിംഗ് പദ്ധതിയുമായി ബന്ധപ്പെട്ട് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയ ഫീഡറുകളുടെ പരിധിയിൽ വരുന്ന എല്ലാ ഉപഭോക്താക്കൾക്കും ഓരോ സി.എഫ്.എൽ വീതം.<br>പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എല്ലാവർക്കും എൻറോൾമെന്റ് സമ്മാനമായി ഓരോ സി.എഫ്.എൽ നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി വഴി എത്ര യൂണിറ്റ് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾഎന്തെല്ലാം; | (ബി) | ലാഭപ്രഭ പദ്ധതിയിൽ പങ്കാളികളായ 1,39,101 ഉപഭോക്താക്കളിൽ 27,385 പേർ തങ്ങളുടെ ഉപഭോഗത്തിൽ സാരമായ കുറവ് വരുത്തുകയും 20,000-ൽപ്പരം പേർ ഉപഭോഗം വർദ്ധിക്കാതെ പിടിച്ചുനിർത്തുകയും ചെയ്തു. മാർച്ച് 23-ന് ആരംഭിച്ച് മെയ് 31-ന് അവസാനിച്ച കാമ്പയിൻ പീരിയഡിൽ ആകെ 13,98,750 യൂണിറ്റിന്റെ കുറവ് രേഖപ്പെടുത്തി. 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നടത്തിയ നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിനിൽ പത്തു ഫീഡറുകളിൽ നിന്ന് മാത്രമായി 8.82 ലക്ഷം യൂണിറ്റിന്റെ ലാഭവും രേഖപ്പെടുത്തി. മൊത്തം ലാഭം: ഉദ്ദേശം 2280750 യൂണിറ്റ്. |
| (സി) | ലാഭപ്രഭ പദ്ധതിയിൽ ചേർന്ന വർക്ക് സമ്മാനങ്ങൾനൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | സമ്മാന വിതരണത്തിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ലാഭപ്രഭ പദ്ധതി പ്രകാരം 4550 ഗുണഭോക്താക്കളെ സമ്മാനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി 4550 ഗുണഭോക്താക്കളുടെയും, പരിശോധനയിൽ ഇവരിൽ ആരെങ്കിലും അനർഹരാണെന്ന് കാണുന്നപക്ഷം ഉൾപ്പെടുത്താനായി 250 പേരേയും ചേർത്ത് 4800 പേരടങ്ങുന്ന ലിസ്റ്റ് ബോർഡിന്റെ വെബ് സൈറ്റിൽ (www.kseb.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമ്മാനത്തിന് അർഹരായ ആദ്യ 50 പേർക്ക് സോളാർ ഇൻവെർട്ടറും, 4500 |

| | | | |
|---|---|---|---|
| | | | പേർക്ക് സൌരോർജ്ജ റാന്തലും ലഭിക്കും. ലാഭം വരുത്തിയ മറ്റുള്ളവർക്കും ഉപഭോഗം വർദ്ധിക്കാതെ പിടിച്ചുനിർത്തിയവർക്കും ഓരോ സി.എഫ്.എൽ വീതം ലഭിയ്ക്കും. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എല്ലാവർക്കും എൻറോൾമെന്റ് സമ്മാനമായി ഓരോ സി.എഫ്.എൽ നൽകിയിരുന്നു. നോ-ലോഡ് ഷെഡിംഗ് പദ്ധതി വിജയകരമായി നടപ്പാക്കിയ ഫീഡറുകളുടെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് പ്രോത്സാഹനമായി ഓരോ സി.എഫ്.എൽ വീതം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഉപഭോക്താവും പദ്ധതികാലയളവിൽ ലാഭിച്ച വൈദ്യുതിയ്ക്ക് തുല്യമായ തുകയുടെ പകുതി അവരുടെ വരും മാസങ്ങളിലെ ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബില്ലിംങ് സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനായി ഐ.റ്റി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമ്മാനമായി നൽകാനുള്ള സൌരോർജ്ജറാന്തലുകൾ വാങ്ങാൻ അനെർട്ടിനെ ചുമതലപ്പെട്ടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. 50 സൌരോർജ്ജാധിഷ്ഠിത ഇൻവർട്ടറുകൾ വാങ്ങാനുള്ള നടപടികൾ കോർപ്പറേറ്റ് പ്ളാനിംഗ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പുരോഗമിക്കുന്നു. സംസ്ഥാന തലത്തിലും സർക്കിൾ തലങ്ങളിലും സമ്മേളനങ്ങൾ സംഘടിപ്പിച്ച് ഫെബ്രുവരിയിൽ സമ്മാന വിതരണം പൂർത്തിയാക്കാനുള്ള നടപടികൾ നടന്നുവരുന്നു.. |

സെക്ഷൻ ഓഫീസർ